2026
AUGUST
05
WEDNESDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# തന്ത്രപ്രധാന നീക്കം: അതിർത്തികളിലെ റെയിൽ വികസനത്തിന് 45,000 കോടിയുടെ പദ്ധതി

**ന്യൂദൽഹി:** അതിർത്തികളിൽ റെയിൽവേ വികസനത്തിനായി വൻ പദ്ധതിയുമായി സർക്കാർ. ചൈന, പാകിസ്താൻ, ബംഗ്ലാദേശ് അതിർത്തികളിലാണ് 45,000 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നത്. പ്രാദേശിക യാത്രാ സൗകര്യവും സൈനിക നീക്കവും സുഗമമാക്കുകയാണ് ലക്ഷ്യം. വരും വർഷങ്ങളിൽ നടപ്പാക്കാനിരിക്കുന്ന റെയിൽ വികസന പദ്ധതി തുകയുടെ 22 ശതമാനത്തോളം വരുമിത്. രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റെയിൽ പാതകൾക്കും പാലങ്ങൾക്കുമായി നീക്കിവെച്ചിട്ടുള്ള 32,000 കോടി രൂപയുടെ പദ്ധതികൾക്ക് പുറമെയാണിത്. ഹിമാലയം, സിലിഗുരി കോറിഡോർ തുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽ അതിവേഗ സൈനിക നീക്കം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ചൈനയുമായി ആറ് വർഷം മുമ്പുണ്ടായ സംഘർഷത്തിന് ശേഷം നിലവിൽ സ്ഥിതി ശാന്തമാണെങ്കിലും ജാഗ്രത തുടരുകയാണ്.



പുതിയ ട്രാക്കുകൾ, പ്ലാറ്റ്ഫോമുകൾ എന്നിവയുടെ നിർമാണവും നിലവിലുള്ള ശൃംഖലയുടെ പുതുക്കലും ലക്ഷ്യമിടുന്നു. കശ്മീർ താഴ്വരയെ രാജ്യത്തിന്റെ മറ്റുഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽ പാലം ഈയിടെയാണ് ഉദ്ഘാടനം ചെയ്തത്. പാക് അതിർത്തിയിൽ 1,450 കിലോമീറ്റർ പുതിയ റോഡുകളും ഡോക്ലാം മേഖലയിലെ വികസനവും മുൻഗണനാ പട്ടികയിലുണ്ട്.ഇന്ത്യയുടെ നീക്കം ചൈനയുടെ അതിർത്തി വികസനത്തോടുള്ള പ്രതികരണം കൂടിയാണ്. 2017ലെ ഡോക്ലാം തർക്കത്തിന് ശേഷം ചൈന അവരുടെ ഭാഗത്ത് വിമാനത്താവളങ്ങൾ, ഹെലിപാഡുകൾ തുടങ്ങിയവ നിർമിച്ചിട്ടുണ്ട്. പട്ടാളത്തെ അതിവേഗമെത്തിക്കാൻ ചൈനയ്ക്ക് അതിലൂടെ കഴിയും. ഇതിന് ബദലായുള്ള നീക്കമാണ് റെയിൽ പദ്ധതി



## അടിസ്ഥാനസൗകര്യങ്ങളുടെയും വ്യാവസായിക ആസ്തികളുടെയും തുരുമ്പിക്കൽ: വർഷംതോറും 14.15 ലക്ഷം കോടി രൂപയുടെ നഷ്ടം

**ന്യൂദൽഹി:** ജപ്പാൻ ആസ്ഥാനമായ ആഗോള ധനകാര്യ സ്ഥാപനമായ നൊമുറയുടെ പുതിയ റിപ്പോർട്ട് പ്രകാരം, തുരുമ്പ്മൂലം ഇന്ത്യയ്ക്ക് പ്രതിവർഷം ഏകദേശം 14.15 ലക്ഷം കോടി രൂപയുടെ സാമ്പത്തിക നഷ്ടമുണ്ടാകുന്നു. ഇത് രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജിഡിപി) 4.3 ശതമാനത്തിന് തുല്യമാണ്. ഹൈവേകൾ, പാലങ്ങൾ, റെയിൽവേ, വൈദ്യുതി, ടെലികോം അടിസ്ഥാനസൗകര്യങ്ങൾ, കെട്ടിടങ്ങൾ, വ്യാവസായിക ആസ്തികൾ എന്നിവയുടെ നാശം പരിപാലനച്ചെലവും പുനർനിർമാണച്ചെലവും ഗണ്യമായി വർധിപ്പിക്കുന്നതായി റിപ്പോർട്ടിൽ പറയുന്നു.

മേഖലാടിസ്ഥാനത്തിൽ വൈദ്യുതി മേഖലയിലാണ് ഏറ്റവും വലിയ നഷ്ടം (മേഖലാ ജിഡിപിയുടെ 10.1%), തുടർന്ന് ടെലികോം (3.8%), ഓട്ടോമൊബൈൽ (3%), റെയിൽവേ (2.8%) എന്നിവയാണ്. കാലാവസ്ഥയ്ക്കും പ്രദേശത്തിന്റെ പ്രത്യേകതകൾക്കും അനുസൃതമായ ആഗോള നിലവാരത്തിലുള്ള തുരുമ്പ് പ്രതിരോധ സംവിധാനങ്ങൾ വ്യാപകമായി നടപ്പാക്കിയാൽ ഇന്ത്യയുടെ ജിഡിപിയിൽ 1.5% വരെ അധിക വളർച്ച കൈവരിക്കാനാകുമെന്നും അടിസ്ഥാനസൗകര്യങ്ങളുടെ ആയുസ്സ് വർധിപ്പിക്കാനും ദീർഘകാല പരിപാലനച്ചെലവ് കുറയ്ക്കാനും കഴിയുമെന്നും നൊമുറ റിപ്പോർട്ട് വിലയിരുത്തുന്നു.

## ഇന്ത്യ-യു.കെ വ്യാപാര കരാർ കേരളത്തിന് പുതിയ അവസരങ്ങൾ തുറന്ന് തരുമെന്ന് വിദഗ്ധർ

**കൊച്ചി:** ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിൽ നിലവിൽ വരുന്ന സ്വതന്ത്ര വ്യാപാര കരാർ (എഫ്.ടി.എ) കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങൾക്കും കയറ്റുമതി മേഖലയ്ക്കും വൻ അവസരങ്ങൾ തുറന്നുനൽകുമെന്ന് വിദഗ്ധർ. കേരളത്തിന്റെ തനതായ മേഖലകൾക്ക് മേന്നേറ്റമുണ്ടാക്കാൻ കഴിയും. സമുദ്രോത്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനം, കൃഷി, ഭക്ഷ്യ സംസ്കരണം, ഐടി, വിദ്യാഭ്യാസം, തുണിത്തരങ്ങൾ, കൈത്തറി, എഞ്ചിനീയറിംഗ് മേഖലകൾക്ക് വ്യാപാര കരാർ പ്രയോജനപ്പെടുമെന്നും 'ഇന്ത്യഇ.യു സ്വതന്ത്ര വ്യാപാര കരാറിലൂടെയുള്ള അവസരങ്ങൾ' എന്ന വിഷയത്തിലെ കൊച്ചിയിൽ സംഘടിപ്പിച്ച ശിൽപ്പശാലയിലാണ് വിദഗ്ധർ നിരീക്ഷണങ്ങൾ പങ്ക് വച്ചത്.

ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ, സംസ്ഥാന വ്യവസായ വകുപ്പ്, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് (ജെ.ഡി.ജി.എഫ്.ടി) കൊച്ചി ഓഫീസ്, സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവെസ്റ്റ്മെന്റ് ലോ (സി.ടി.ഐ.എൽ) എന്നിവർ ചേർന്നാണ് എ.യു സ്മോൾ ഫിനാൻസ് ബാങ്കിന്റെ പിന്തുണയോടെ പരിപാടി സംഘടിപ്പിച്ചത്.

ഇന്ത്യയിൽ നിന്നുള്ള 99 ശതമാനം ഉൽപ്പന്നങ്ങൾക്കും യൂറോപ്പിൽ നിന്നുള്ള 96 ശതമാനം ഉൽപ്പന്നങ്ങൾക്കും നികുതി ഇളവ് കരാറിലൂടെ ലഭിക്കുമെന്ന് സെന്റർ ഫോർ ട്രേഡ് ആൻഡ് ഇൻവസ്റ്റ്മെന്റ് ലോ പ്രൊഫസർ ഡോ. ജെയിംസ് ജെ നെടുമ്പാറ ചൂണ്ടിക്കാട്ടി. എയർപോർട്ട്, സീപോർട്ട് എന്നിവ വഴിയുള്ള ചരക്ക് നീക്കം വേഗത്തിലാക്കാൻ കസ്റ്റംസ് വകുപ്പ് സ്വീകരിച്ച ലളിതവൽക്കരണ നടപടികളെക്കുറിച്ച് കൊച്ചി കസ്റ്റംസ് അഡീഷണൽ കമ്മീഷണർ ജോമി ജേക്കബ് വിശദീകരിച്ചു. വിവിധ രാജ്യങ്ങളുമായുള്ള വ്യാപാര കരാറുകൾ സജീവമായതോടെ കേരളത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ വിതരണത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ടെന്ന് ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്സ് എൻ എ ഹസൻ ഉസൈദ് പറഞ്ഞു.

സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയിൽ കൊഞ്ച്, ഫ്രീസ് ചെയ്ത മത്സ്യം, മൂല്യവർധിത ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് കരാറിലൂടെ വലിയ വിപണി സാധ്യത ലഭിക്കുമെന്ന് ഫിക്കി കേരള കൗൺസിൽ എക്സ്പോർട്ട് ടാസ്ക് ഫോഴ്സ് ചെയറും എം.പി.ഇ.ഡി.എ വൈസ് പ്രസിഡൻറുമായ അലക്സ് കെ. നൈനാൻ പറഞ്ഞു. ഐ.ടി, ഫിനാൻസ്, പ്രൊഫഷണൽ തൊഴിൽ മേഖലകൾക്ക് എഫ്.ടി.എ വഴി ലഭിക്കുന്ന നേട്ടങ്ങളെക്കുറിച്ച് ഫിക്കി കേരള കൗൺസിൽ കോചെയറും ഹാരിസൺസ് മലയാളം സി.ഇ.ഒയുമായ ചെറിയാൻ എം. ജോർജ് വിശദീകരിച്ചു. ഫിക്കി കേരള സ്റ്റേറ്റ് കൗൺസിൽ മേധാവി സാവിയോ മാത്യു മോഡറേറ്ററായിരുന്നു. സി.ടി.ഐ.എല്ലിൽ നിന്നുള്ള റിധിഷ് രാജ്വംശി, കൈലാസ് സുരേന്ദ്രൻ, തൻവി പ്രവീൺ, ഷാന ശർമ്മ എന്നിവരും എ.യു സ്മോൾ ഫിനാൻസ് ബാങ്ക് പ്രതിനിധികളും സാങ്കേതിക സെഷനുകൾക്ക് നേതൃത്വം നൽകി.






സൊസൈറ്റി ടുഡേ
SOCIETY TODAY

# അമിതഭാരവുമായി സർവീസ് നടത്തിയ 48 ചരക്ക് വാഹനങ്ങൾക്കെതിരെ നടപടി; 16.74 ലക്ഷം പിഴ

**കൊച്ചി:** എറണാകുളം ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്)യുടെ നേതൃത്വത്തിൽ കഴിഞ്ഞ ദിവസങ്ങളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ പ്രത്യേക പരിശോധനയിൽ അമിതഭാരം കയറ്റി സർവീസ് നടത്തിയ 48 ചരക്ക് വാഹനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചു. പരിശോധനയിൽ കണ്ടെത്തിയ നിയമലംഘനങ്ങളുടെ അടിസ്ഥാനത്തിൽ ആകെ 16,74,000 രൂപ പിഴ ഈടാക്കി.



അങ്കമാലി, പെരുമ്പാവൂർ, തൃപ്പൂണിത്തുറ, മൂവാറ്റുപുഴ എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചായിരുന്നു പ്രത്യേക പരിശോധന. ദേശീയപാതകൾ, സംസ്ഥാനപാതകൾ, പ്രധാന ചരക്ക് ഗതാഗത റോഡുകൾ എന്നിവിടങ്ങളിലായി പകലും രാത്രിയും പരിശോധന ശക്തമാക്കിയിരുന്നു.

അമിതഭാരം കയറ്റി സർവീസ് നടത്തുന്ന വാഹനങ്ങൾ വാഹനത്തിന്റെ ബ്രേക്കിംഗ് സംവിധാനത്തെയും നിയന്ത്രണശേഷിയെയും പ്രതികൂലമായി ബാധിക്കുന്നതിനാൽ ഗുരുതരമായ റോഡപകടങ്ങൾക്ക് ഇടയാക്കാൻ സാധ്യതയുണ്ട്. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് വേഗത്തിൽ കേടുപാടുകൾ സംഭവിക്കുന്നതിനും ഇത്തരം നിയമലംഘനങ്ങൾ കാരണമാകുന്നു. അതിനാൽ ചരക്ക് വാഹന ഉടമകളും ഡ്രൈവർമാരും അനുവദനീയമായ ഭാരപരിധി കർശനമായി പാലിക്കണമെന്ന് എറണാകുളം ആർ.ടി.ഒ ബിജു ഐസക് അറിയിച്ചു.

അമിതഭാരം കയറ്റി സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ വരും ദിവസങ്ങളിലും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ പരിശോധനയും കർശന നിയമനടപടികളും തുടരും. മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും ലംഘിച്ച് അമിതഭാരം കയറ്റി സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ പെർമിറ്റിലും ഡ്രൈവറുടെ ലൈസൻസിലും കർശന നടപടി സ്വീകരിക്കുമെന്നും ജില്ലാ കളക്ടർ അനുവദിച്ചിട്ടുള്ള സ്കൂൾ സമയത്തെ ടിപ്പർ ടൈം നിയന്ത്രണം കൃത്യമായി പാലിച്ചും, സ്കൂൾ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി സ്കൂൾ പരിസരത്തെ സ്പീഡ് നിയന്ത്രണങ്ങളും ഡ്രൈവർമാർ പ്രത്യേകമായി ശ്രദ്ധിക്കണമെന്നും ആർ.ടി.ഒ അറിയിച്ചു.



# മാതൃകയായി ജില്ലയിലെ മൈഗ്രന്റ് ലിങ്ക് വർക്കർമാർ

**കൊച്ചി:** അന്യസംസ്ഥാനതൊഴിലാളികൾക്കിടയിൽ ആരോഗ്യ അനുബന്ധ കാര്യങ്ങളിൽ കൃത്യമായ ഇടപെടൽ നടത്തി മാതൃകയാവുകയാണ് ജില്ലയിലെ മൈഗ്രന്റ് ലിങ്ക് വർക്കർമാർ. ദേശീയ ആരോഗ്യദൗത്യം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ നിലവിൽ എട്ട് ലിങ്ക് വർക്കർമാരാണ് പ്രവർത്തിക്കുന്നത്.

കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ എറണാകുളത്ത് തൊഴിൽ തേടി പശ്ചിമബംഗാൾ, അസം, തമിഴ്നാട്, ഒഡിഷ, ഉത്തർപ്രദേശ്, ബീഹാർ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന തൊഴിലാളികൾ നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നാണ് ഭാഷയും ആശയവിനിമയവും. ചികിത്സാ ആവശ്യങ്ങളിലും മറ്റ് അടിയന്തര സാഹചര്യങ്ങളിലും നേരിടുന്ന ഈ പ്രതിസന്ധിക്ക് പരിഹാരമായാണ് ദേശീയ ആരോഗ്യദൗത്യവും ആരോഗ്യവകുപ്പും ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ മൈഗ്രന്റ് ലിങ്ക് വർക്കർ പദ്ധതി ആരംഭിച്ചത്.

അന്യസംസ്ഥാനതൊഴിലാളി സമൂഹത്തിൽ നിന്നുതന്നെ തെരഞ്ഞെടുക്കപ്പെട്ട മലയാളം സംസാരിക്കാനറിയുന്നവരാണ് മൈഗ്രന്റ് ലിങ്ക് വർക്കർമാർ. ഭാഷാപ്രശ്നങ്ങളാൽ ഡോക്ടറോട് സംസാരിക്കാൻ സാധിക്കാതെ ബുദ്ധിമുട്ടിയ രോഗിക്ക് ഇവർ സഹായിയാകുന്നു. അതുപോലെ തന്നെ ഡോക്ടർക്കും ആരോഗ്യപ്രവർത്തകർക്കും തിരിച്ച് ആശയവിനിമയം നടത്തുന്നതിനും ഇവരിലൂടെ സാധിക്കുന്നു.

അന്യസംസ്ഥാനതൊഴിലാളി ക്യാമ്പുകളിൽ ആരോഗ്യ പരിശോധനകളും പകർച്ചവ്യാധി പ്രതിരോധ ബോധവൽക്കരണവും നടത്തുന്നതിലും ഇവരുടെ സഹായം ആരോഗ്യവകുപ്പ് പ്രയോജനപ്പെടുത്തുന്നുണ്ട്. ക്ഷയരോഗം, എച്ച്.ഐ.വി, മലമ്പനി, ഡെങ്കിപ്പനി തുടങ്ങിയവ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് ക്യാമ്പുകളിലും ആളുകളെ എത്തിക്കുന്നതിനായി ഇടപെടുന്നുണ്ട്.

കുട്ടികൾക്കായുള്ള വിദ്യാഭ്യാസപദ്ധതികക്കളും സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളും അതിഥി തൊഴിലാളി രജിസ്ട്രേഷൻ പോർട്ടലുമായി ബന്ധപ്പെട്ടും ഇവർ പ്രവർത്തിക്കുന്നുണ്ട്. അപകടങ്ങളോ അടിയന്തര ആരോഗ്യ പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ ആശുപത്രികളിലും പോലീസ് സ്റ്റേഷനുകളിലും ആവശ്യമായ ഭാഷാ സഹായവും നൽകുന്നു.

മൈഗ്രന്റ് ലിങ്ക് വർക്കർമാർ സാമൂഹിക സുരക്ഷാ ശൃംഖലയിലെ ഒഴിവാക്കാനാവാത്ത കണ്ണികളായി മാറി കഴിഞ്ഞിരിക്കുന്നു.

# പ്രളയബാധിതർക്കൊപ്പം കൃഷിവകുപ്പ്; ഹോർട്ടികോർപ്പ് വഴി ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പച്ചക്കറി വിതരണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ അതിശക്തമായ മഴയിലും പ്രളയത്തിലും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾക്ക് ആവശ്യമായ ഭക്ഷ്യസഹായം ഉറപ്പാക്കുന്നതിനായി അടിയന്തര ഇടപെടലുകളുമായി കൃഷിവകുപ്പ്. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖിന്റെ നിർദേശപ്രകാരം ഹോർട്ടികോർപ്പ് മുഖേനയാണ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് പച്ചക്കറികൾ വിതരണം ചെയ്തത്.

ഇതു വരെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ ആകെ 76 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ?1,90,808 രൂപയുടെ പച്ചക്കറികളാണ് എത്തിച്ചത്.

ഓഗസ്റ്റ് 2ന് പത്തനംതിട്ടയിലെയും ആലപ്പുഴയിലെയും 31 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ?1,25,134 രൂപയുടെയും ഓഗസ്റ്റ് 3ന് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലെ 45 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ?65,674 രൂപയുടെയും പച്ചക്കറികൾ വിതരണം ചെയ്തു.

ദുരിതാശ്വാസ ക്യാമ്പുകളിലുള്ളവർക്ക് പോഷകസമൃദ്ധമായ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ദുരിതബാധിതർക്കൊപ്പം സർക്കാർ സംവിധാനങ്ങൾ ശക്തമായി നിലകൊള്ളുന്നതിന്റെയും ഭാഗമായാണ് ഹോർട്ടികോർപ്പ് മുഖേന ആവശ്യമായ പച്ചക്കറികൾ വിതരണം നടത്തിയത്. ക്യാമ്പുകളിലെ ആവശ്യങ്ങൾക്കനുസരിച്ച് തുടർന്നും പച്ചക്കറികളും മറ്റ് അവശ്യ കാർഷിക ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി അറിയിച്ചു.

# എയർഫോഴ്സ് റിക്രൂട്ട്മെന്റ് റാലി: ഒരുക്കങ്ങൾ വിലയിരുത്തി

**കൊച്ചി:** ജില്ലയിൽ ഓഗസ്റ്റ് 11 മുതൽ 15 വരെ നടക്കുന്ന എയർഫോഴ്സ് റിക്രൂട്ട്മെന്റ് റാലിയുടെ മുന്നൊരുക്കങ്ങളും സജ്ജീകരണങ്ങളും വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു.

ഓൺലൈൻ പരീക്ഷയിൽ യോഗ്യത നേടിയ 1,050 ഉദ്യോഗാർഥികളാണ് അഞ്ച് ദിവസങ്ങളിലായി നടക്കുന്ന ഈ റിക്രൂട്ട്മെന്റ് റാലിയിൽ പങ്കെടുക്കുന്നത്.

തൃക്കാക്കരയിലെ നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യനോഗ്രാഫിക് ലബോറട്ടറി (എൻ.പി.ഒ.എൽ), എയർഫോഴ്സ് കേന്ദ്രം എന്നിവിടങ്ങളിലായിട്ടാണ് തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർഥികളുടെ കായികക്ഷമതാ പരിശോധനയും അഡാപ്റ്റബിലിറ്റി ടെസ്റ്റുകളും നടക്കുക.

റാലി സുഗമമായി നടത്തുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും സുരക്ഷാഅടിസ്ഥാന സൗകര്യങ്ങളും യോഗം ചർച്ച ചെയ്തു.

കളക്ടറേറ്റ് വീഡിയോ കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ ഇന്ത്യൻ എയർഫോഴ്സിന്റെ പ്രതിനിധികളും ജില്ലാ ഭരണകൂടത്തിലെയും മറ്റ് അനുബന്ധ വകുപ്പുകളിലെയും ഉദ്യോഗസ്ഥരും പങ്കെടുത്തു.

# എന്യൂമറേറ്റർ നിയമനം: ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം

**കൊച്ചി:** സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടപ്പിലാക്കുന്ന അസംഘടിത കാർഷികേതര മേഖലയിലെ വാർഷിക സർവേയ്ക്കായി എന്യൂമറേറ്റർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. ഉൽപ്പാദനം, വ്യാപാരം, സേവനങ്ങൾ (നിർമ്മാണ മേഖല ഒഴികെ) എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നും വിവരശേഖരണം നടത്തുന്നതിനായി ജില്ലയിൽ 2 ഒഴിവുകളാണുള്ളത്. 2027 മാർച്ച് 31 വരെയാണ് നിയമന കാലാവധി. ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, മാത്സ് അല്ലെങ്കിൽ കോമേഴ്സ് ബിരുദമുള്ള (സ്റ്റാറ്റിസ്റ്റിക്സ് ഒരു വിഷയം ആയിരിക്കണം), 35 വയസ്സിൽ താഴെ പ്രായവുമുള്ളവർക്ക് അപേക്ഷിക്കാം. കമ്പ്യൂട്ടർ/ഡാറ്റ എൻട്രി പരിചയം, ഫീൽഡ് വർക്കിനുള്ള ശാരീരികക്ഷമത, സർവേ പ്രവർത്തനങ്ങളിലെ മുൻപരിചയം എന്നിവയുള്ളവർക്ക് മുൻഗണന ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ https://forms.gle/t3PYBhPc1TpC88Cs9 എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ഓഗസ്റ്റ് 10നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9495842549 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

## തീയതി നീട്ടി

**കൊച്ചി:** ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിലുള്ള ഡർബാർ ഹാൾ ഗ്രൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങളുടെ ശിഖരങ്ങളും, ഉണങ്ങിയ മരങ്ങളും മുറിച്ചു മാറ്റിയത് ലേലം / ക്വട്ടേഷൻ ചെയ്യുന്ന തീയതി ആഗസ്റ്റ് 7 ലേക്ക് മാറ്റി. താല്പര്യമുള്ളവർ അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിക്ക് എറണാകുളത്തുള്ള ഡി.ടി.പി.സി ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 04842367334, 9847332200 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗങ്ങളായ അരുന്ധതിയാർ, ചക്ലിയൻ, വേടൻ, നായാടി, കള്ളാടി എന്നിവർക്കുള്ള ദുർബലവിഭാഗ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു.

ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരോ വകുപ്പ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയ വിശദമായ പ്രൊജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 3 ലക്ഷം രൂപ വരെ ഗ്രാന്റായി ലഭിക്കും. 18നും 60നും ഇടയിൽ പ്രായമുള്ള, പ്രായോഗിക പരിചയമുള്ളതും കുടുംബ വാർഷിക വരുമാനം 1 ലക്ഷത്തിൽ താഴെയുള്ളതുമായ വ്യക്തികൾക്ക് അപേക്ഷിക്കാം. നിലവിൽ സ്വയംതൊഴിലോ വരുമാനമോ ഉള്ളവർക്ക് അർഹതയുണ്ടായിരിക്കില്ല. താല്പര്യമുള്ളവർ ആഗസ്റ്റ് 11നകം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്): അഭിമുഖവും പ്രമാണ പരിശോധനയും ആഗസ്റ്റ് 6ന്

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ 'ഫുൾ ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽ പി എസ് 6വേ എൻ സി എ (കാറ്റഗറി നം : 404/2025), 'പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്)എൽ പി എസ് 9 വേ എൻ സി എ (കാറ്റഗറി നം: 863/2025) എന്നീ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിനായുള്ള അഭിമുഖം ആഗസ്റ്റ് 6ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ മലപ്പുറം ജില്ലാ ഓഫീസിൽ നടക്കും. രാവിലെ 09.45ന് നടക്കുന്ന അഭിമുഖത്തിന് മുന്നോടിയായുള്ള സർട്ടിഫിക്കറ്റ് പരിശോധന അന്നേ ദിവസം രാവിലെ 07.30ന് ആരംഭിക്കും. ഉദ്യോഗാർത്ഥികൾ അസ്സൽ പ്രമാണങ്ങൾ, സർട്ടിഫിക്കറ്റ്, പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം കൃത്യസമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് 2026 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, നടപ്പിലാക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകൽ 'മേളം' പദ്ധതിയിലേക്ക് ചെണ്ട, തകിൽ, വലംതല, റിഥം പാഡ്, പെരുമ്പറ, കൊമ്പ് (ഏറ്റവും നല്ലത്) എന്നീ വാദ്യോപകരണങ്ങൾ സപ്ലൈ ചെയ്യുന്നതിനായി അംഗീകൃത സ്ഥാപനങ്ങൾ, ഏജൻസികൾ, അംഗീകൃത കരാറുകാർ എന്നിവരിൽ നിന്നും മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടാവുന്നതാണ് ഫോൺ: 0484 2422256

## അഭിമുഖം

**കൊച്ചി:** സഹകരണ വകുപ്പിന് കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ, തിരുവനന്തപുരം) 202628 ബാച്ചിലെ എം.ബി.എ (ഫുൾടൈം) ഒഴിവുള്ള സീറ്റുകളിലേക്കുള്ള അഭിമുഖം ആഗസ്റ്റ് 7 വെള്ളിയാഴ്ച രാവിലെ 10.00 മുതൽ 1.00 വരെ നോർത്ത് പറവൂർ സഹകരണ പരിശീലന കോളേജിൽ നടക്കും. കേരള സർവ്വകലാശാലയുടെയും അകഇഠഋയുടെയും അംഗീകാരമുള്ള ദ്വിവത്സര കോഴ്സിൽ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈചെയിൻ മാനേജ്മെന്റ്, ബിസിനസ് അനലിറ്റിക്സ്, ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ് എന്നീ സ്പെഷ്യലൈസേഷനുകളുണ്ട്. 50% മാർക്കോടെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. സഹകരണ മേഖലയിലുള്ളവരുടെ ആശ്രിതർക്കും ഫിഷറീസ് സ്കോളർഷിപ്പിന് അർഹതയുള്ളവർക്കും പ്രത്യേക സംവരണവും ടഇ/ടഠ/ഛഋഇ വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യവും ലഭിക്കും. വിവരങ്ങൾക്ക്: 7907375755, 8547618290, വെബ്സൈറ്റ്: www.kicma.ac.in.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശുവികസന ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 18 ഉച്ചയ്ക്ക് 2 മണി വരെ. ഫോൺ: 04842448803,ഇമെയിൽ: svponparvur@gmail.com

**കൊച്ചി:** വനിത, ശിശുവികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ശിശുവികസന ഓഫീസറുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി കരാർ കാലാവധി മുതൽ ഒരു വർഷ കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതി നായി മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചു.
ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തിയതി 2026 ആഗസ്റ്റ് 18 ഉച്ചയ്ക്ക് രണ്ട് മണി.ദർഘാസുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് നോർത്ത് പറവൂർ ഐസി ഡിഎസ് ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 0484 2448803, ഇമെയ്ൽ: svponparvur@gmail.com




സിഎംഎഫ്ആർഐയിൽ ആരംഭിച്ച മുർബേൺ' സിദ്ധാന്തത്തെക്കുറിച്ചുള്ള ദേശീയ ചർച്ച കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാനം ചെയ്യുന്നു.

# മുർബേൺ ശാസ്ത്ര ചർച്ചക്ക് തുടക്കമായി

**കൊച്ചി:** കോശങ്ങളിലെ ജൈവ പ്രക്രിയകളെക്കുറിച്ചുള്ള പുതിയ ശാസ്ത്രീയ നിരീക്ഷണമായ മുർബേൺ സിദ്ധാന്തത്തെക്കുറിച്ചുള്ള ദേശീയ ചർച്ച സിഎംഎഫ്ആർഐയിൽ തുടങ്ങി.

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ശാസ്ത്രീയ അറിവുകളെ കൂടുതൽ പരിഷ്കരിക്കുന്നതിന് നിരന്തരമായ അന്വേഷണങ്ങളും വിമർശനാത്മകമായ സംവാദങ്ങളും അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സ്വദേശി ശാസ്ത്ര പ്രസ്ഥാനവും അമൃത വിശ്വവിദ്യാപീഠവും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. മുർബേൺ സിദ്ധാന്തവുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾക്ക് പ്രൊഫ. കേലത്ത് മുരളി മനോജിനെ സ്വദേശി ശാസ്ത്ര പ്രസ്ഥാനം ചടങ്ങിൽ ആദരിച്ചു. മറൈൻ ഫിഷറീസ് മേഖലയിലെ സംയുക്ത ഗവേഷണങ്ങൾക്കായി സിഎംഎഫ്ആർഐയും എൻവയോൺമെന്റൽ ഡിഫൻസ് ഇന്ത്യ ഫൗണ്ടേഷനും (ഇഡിഐഎഫ്) തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. കടൽ പായൽ ഉപയോഗിച്ച് സിഎംഎഫ്ആർഐ നിർമിച്ച കടൽമീൻ സീവീഡ് സോപ്പും സിഎംഎഫ്ആർഐയുടെ ശാസ്ത്ര പ്രസിദ്ധീകരണവും ചടങ്ങിൽ പ്രകാശനം ചെയ്തു.

സ്വദേശി ശാസ്ത്ര പ്രസ്ഥാനം പ്രസിഡന്റ് പ്രൊഫ. വി. ശിവകുമാർ അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, അമൃത വിശ്വവിദ്യാപീഠം മെഡിക്കൽ റിസർച്ച് ഡീൻ പ്രൊഫ. ഡി. വാസുദേവൻ, വിജ്ഞാൻ ഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ, പ്രൊഫ. കേലത്ത് മുരളി മനോജ്, ഡോ. കെ. മുരളീധരൻ, ഡോ. ആശിഷ് ഖണ്ഡേൽവാൽ തുടങ്ങിയവർ സംസാരിച്ചു. വിവിധ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർഥികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.



# ഡിജിക്യുഎ ഉദ്യോഗസ്ഥർക്കായി റബ്ബർ സാങ്കേതികവിദ്യ പരിശീലന പരിപാടിയ്ക്ക് തുടക്കമായി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പ്, പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥർക്കായി സംഘടിപ്പിക്കുന്ന റബ്ബർ ടെക്നോളജിയിലെ അഞ്ചുദിവസത്തെ പരിശീലന പരിപാടിക്ക് തുടക്കമായി. ഓഗസ്റ്റ് 7 വരെ പരിശീലന പരിപാടി തുടരും.

മഹാത്മാഗാന്ധി സർവകലാശാല മുൻ വൈസ് ചാൻസലറും തിരുവനന്തപുരം റിസർച്ച് പാർക്ക് ചെയർമാനുമായ പ്രൊഫ. ഡോ. സാബു തോമസ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. കുസാറ്റ് രജിസ്ട്രാർ പ്രൊഫ. ഡോ. അരുൺ എ. യു. അധ്യക്ഷനായി. ബ്രിഗേഡിയർ പ്രവീൺ കുമാർ, ഡിജിക്യുഎയിലെ മുതിർന്ന ഉദ്യോഗസ്ഥർ, അധ്യാപകർ, ഗവേഷകർ, പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പ് സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ റബ്ബർ വസ്തുക്കൾ, കോമ്പൗണ്ടിംഗ്, പ്രോസസ്സിംഗ് സാങ്കേതികവിദ്യകൾ, ക്യാരക്ടറൈസേഷൻ, ടെസ്റ്റിംഗ് രീതികൾ, ഗുണനിലവാരം ഉറപ്പ് വരുത്തുന്ന സംവിധാനങ്ങൾ, വ്യാവസായിക ഉപയോഗങ്ങൾ തുടങ്ങിയ മേഖലകളിൽ സമഗ്രമായ പരിശീലനം നൽകും. പ്രമുഖ അക്കാദമിക് വിദഗ്ധരുടെയും വ്യവസായ മേഖലയിലെ വിദഗ്ധരുടെയും ക്ലാസുകൾ, അത്യാധുനിക ലബോറട്ടറികളിലെ പ്രായോഗിക പരിശീലനം, ആധുനിക റബ്ബർ നിർമ്മാണ രീതികൾ പരിചയപ്പെടുന്നതിനുള്ള വ്യവസായ സന്ദർശനം എന്നിവയും പരിപാടിയുടെ ഭാഗമാണ്.

ഈ പരിശീലന പരിപാടി ഡിജിക്യുഎ ഉദ്യോഗസ്ഥരുടെ സാങ്കേതിക പരിജ്ഞാനം വർധിപ്പിക്കുകയും റബ്ബർ സാങ്കേതികവിദ്യയിലെ വൈദഗ്ധ്യം കൂടുതൽ ശക്തിപ്പെടുത്തുകയും, ഇതിലൂടെ ഗുണനിലവാര ഉറപ്പ് സംവിധാനങ്ങളുടെ പുരോഗതിക്കും രാജ്യത്തിന്റെ പ്രതിരോധ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക ശേഷി വികസിപ്പിക്കുന്നതിനും സഹായകരമാകുംപരിശീലന പരിപാടിയുടെ കോഓർഡിനേറ്ററും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനുമായ പ്രൊഫ. ഡോ. പ്രശാന്ത് രാഘവൻ പറഞ്ഞു.

റബ്ബർ സയൻസ്, സാങ്കേതികവിദ്യ, ഗുണനിലവാര നിർണയം എന്നിവയിലെ സമകാലിക മുന്നേറ്റങ്ങളെക്കുറിച്ചുള്ള ഉദ്യോഗസ്ഥരുടെ അറിവ് വർധിപ്പിക്കുകയും, പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട റബ്ബർ സാങ്കേതികവിദ്യയിലെ സാങ്കേതിക ശേഷി ശക്തിപ്പെടുത്തുകയുമാണ് പരിശീലന പരിപാടിയുടെ ലക്ഷ്യം.

# വ്യവസായ സംരംഭങ്ങൾക്ക് ലൈസൻസ് പ്രക്രിയ ലളിതമാക്കുമെന്ന് മന്ത്രി ബിന്ദു കൃഷ്ണ

**കൊല്ലം:** വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നിലനിൽക്കുന്ന സങ്കീർണതപരിഹരിച്ച് ഒരു സംസ്ഥാനം ഒരു ലൈസൻസ് സംവിധാനം പദ്ധതിയിലൂടെ ലൈസൻസ് പ്രക്രിയ ലളിതമാക്കുമെന്ന് തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ.

ആശ്രാമം ശ്രീനാരായണഗുരു സമുച്ചയത്തിൽ സംസ്ഥാന സർക്കാരിന്റെ 100 ദിനകർമപരിപാടിയുടെ ഭാഗമായി ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിൻറെ വിവിധ പദ്ധതികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

അന്യസംസ്ഥാനത്തൊഴിലാളികൾക്ക് സുരക്ഷാഅവബോധം ഹിന്ദിയിലൂടെ നൽകുന്ന ഹർ ദിൻ സുരക്ഷിത് പദ്ധതി, ചെറുകിടസംരംഭങ്ങൾക്ക് വേഗത്തിൽ ലൈസൻസ് ലഭ്യമാക്കുന്ന വ്യവസായ സൗഹൃദ ലൈസൻസിംഗ്, രജിസ്ട്രേഷനില്ലാത്ത ഫാക്ടറികളെ ബോധവൽക്കരണത്തിലൂടെയും ലളിതമായ ഓൺലൈൻ സംവിധാനത്തിലൂടെയും ഔദ്യോഗികമായി രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്ന പദ്ധതി എന്നിവയാണ് മന്ത്രി ഉദ്ഘാടനം ചെയ്തത്.

ഹർദിൻ സുരക്ഷിത് പദ്ധതിയുടെ കൈപ്പുസ്തക പ്രകാശനവും അതിഥിതൊഴിലാളികൾക്കുള്ള ടിഷർട്ട്, തൊപ്പി എന്നിവയുടെ വിതരണവും നിർവഹിച്ചു.മേയർ എ.കെ. ഹഫീസ് അധ്യക്ഷനായി. വാർഡ് കൗൺസിലർ കുരുവിള ജോസഫ്, ഫാക്ടറീസ് ആൻഡ് ബോയിലേർസ് വകുപ്പ് ഡയറക്ടർ ആർ. സൂരജ് കൃഷ്ണൻ, ജോയിൻറ് ഡയറക്ടർ ടി.കെ. ഷാബുജാൻ, തൊഴിലാളിസംഘടനാ പ്രതിനിധികൾ, ഫാക്ടറി തൊഴിലാളികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നെല്ലിമറ്റം എൻജിനീയറിംഗ് കോളജിൽ ഐഒടി ടെക്നോളജീസ് സെൻറർ

**കോതമംഗലം:** നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിംഗ് കോളജിൽ യെസ്കാവ ഇന്ത്യയുടെ സഹകരണത്തോടെ സ്ഥാപിച്ച സെൻറർ ഫോർ ഡ്രോൺ, റോബോട്ടിക്സ് ആൻഡ് ഐഒടി ടെക്നോളജീസ് ഉദ്ഘാടനം യെസ്കാവ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സിഇഒ ഷൈലേന്ദ്ര സാൽവി നിർവഹിച്ചു.

എംബിറ്റ്സ് ചെയർമാൻ ബേബി തോമസ് അധ്യക്ഷത വഹിച്ചു. യെസ്കാവ ഇന്ത്യ സീനിയർ എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ് തകാഷി കാറ്റോ, അർജുൻ ഗോപാൽ, ജി.രാജേഷ്, ബി. മഹേഷ് കുമാർ, കോളജ് സെക്രട്ടറി ബിനോയ് തോമസ്, ട്രഷറർ കെ.പി. ജോർജ്, ഡയറക്ടർ ഡോ. ഷാജൻ കുര്യാക്കോസ്, പ്രിൻസിപ്പൽ ഡോ. തോമസ് ജോർജ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ എൻജിനീയറിംഗ് മേധാവി പ്രഫ. ഷെറിൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

# മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കൃത്യമായ ഏകോപനം: മന്ത്രി

**കൽപ്പറ്റ:** ജില്ലയിൽ മഴക്കെടുതിയെത്തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായ ഏകോപനത്തോടെയാണ് നടക്കുന്നതെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് മന്ത്രിയുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. കേന്ദ്ര കാലാവസ്ഥ വകുപ്പ് വരും ദിവസങ്ങളിൽ ജില്ലയിൽ ശക്തമായ മഴ പ്രവചിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾ, ജില്ലാ ഭരണകൂടം, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ അതീവ ജാഗ്രത പാലിക്കണമെന്നും മന്ത്രി അറിയിച്ചു.

ജില്ലയിലെ ഡാമുകളിലെ ജലനിരപ്പ് സുരക്ഷിതമാണ്. കള്ളാടി തുരങ്കപാത നിർമാണ മേഖലയിൽ ഗതാഗത നിയന്ത്രണം കർശനമാക്കാൻ പോലീസ്, റവന്യു, അഗ്നിരക്ഷാസേന, തുരങ്കനിർമാണ കന്പനി പ്രതിനിധികളുടെ പരിശോധന ഏർപ്പെടുത്തിയിട്ടുണ്ട്. ചൂരൽമല, മുണ്ടക്കൈ പ്രദേശം ഒറ്റപ്പെട്ടു പോകുന്നതിനാൽ മേപ്പാടി പഞ്ചായത്തിലെ ഒന്പത് മുതൽ 12 വരെ വാർഡുകളിലെ മുഴുവൻ ആളുകൾക്കും സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമെന്നും സിദ്ദിഖ് പറഞ്ഞു.

ജില്ലയിൽ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ ഭീഷണിയുള്ള പ്രദേശങ്ങളിലെ ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനായി 28 ദുരിതാശ്വാസ ക്യാന്പുകളാണ് പ്രവർത്തിക്കുന്നത്. ക്യാന്പുകളിൽ കഴിയുന്നവർക്ക് അവശ്യ വസ്തുക്കൾ കൃത്യതയോടെ എത്തിക്കാൻ തഹസിൽദാർമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. ടൗൺഷിപ്പ് നിർമാണ മേഖലയോട് ചേർന്ന് സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ അപകടാവസ്ഥയിലുള്ള വൈദ്യുതി പോസ്റ്റ് അടിയന്തരമായി മാറ്റി സുരക്ഷിതമായി സ്ഥാപിക്കാൻ കെഎസ്ഇബി ഡപ്യൂട്ടി ചീഫ് എൻജിനീയർക്ക് സിദ്ദിഖ് നിർദേശം നൽകി.

മഴക്കെടുതിയെ തുടർന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് കൃഷിനാശ വിവരങ്ങൾ അറിയിക്കാൻ എല്ലാ ജില്ലയിലും കൃഷിവകുപ്പിൻറെ കൺട്രോൾ റൂം തുറന്നതായി മന്ത്രി അറിയിച്ചു.



**ഹേന പി.എൻന്റെ പുതിയ നോവൽ രാവണ ചിദംബരം എസ്. ഹരീഷിൽ നിന്നും ഗാനരചയിതാവ് ഷിബു ചക്രവർത്തി നോവലിന്റെ ആദ്യ പ്രതി ഏറ്റുവാങ്ങുന്നു. മലയാളം വാരിക പത്രാധിപർ സജി ജെയിംസ്,മുൻ ലോക്സഭാംഗം പി.കെ. ബിജു, സംവിധായകനും കഥാകൃത്തുമായ എൻ. അരുൺ, സംഗീത സംവിധായകൻ ബിജിബാൽ, സംവിധായകനും നടനുമായ പി. വിജയകുമാർ എന്നിവർ സമീപം.**

# രാവണ ചിദംബരം നോവൽ പ്രകാശനം ചെയ്തു

**കൊച്ചി:** കെ.എസ്.ആർ.ടി.സി. ചീഫ് ലോ ഓഫീസറും എഴുത്തുകാരിയുമായ ഹേന പി.എൻന്റെ പുതിയ നോവലായ രാവണ ചിദംബരം പ്രകാശനം ചെയ്തു. എറണാകുളം ഭാരത് ടൂറിസ്റ്റ് ഹോമിൽ നടന്ന ചടങ്ങിൽ കേരള സാഹിത്യ അക്കാദമിവയലാർ അവാർഡ് ജേതാവും പ്രമുഖ എഴുത്തുകാരനുമായ എസ്. ഹരീഷ് നോവൽ പ്രകാശനം ചെയ്തു. പ്രശസ്ത ഗാനരചയിതാവ് ഷിബു ചക്രവർത്തി നോവലിന്റെ ആദ്യ പ്രതി ഏറ്റുവാങ്ങി. കറന്റ് ബുക്സാണ് പ്രസാധകർ.

പ്രകാശന ചടങ്ങ് മുൻ ലോക്സഭാംഗം പി.കെ. ബിജു ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര നടൻ ഇർഷാദ് അലി മുഖ്യാതിഥിയായിരുന്നു. സംവിധായകനും കഥാകൃത്തുമായ എൻ. അരുൺ അദ്ധ്യക്ഷനായിരുന്നു. പി. എൻ ഹേന പുസ്തക അവതരണം നടത്തി. സമകാലിക മലയാളം വാരിക പത്രാധിപർ സജി ജെയിംസ് പുസ്തകാവതരണവും സംഗീത സംവിധായകൻ ബിജിബാൽ ആദ്യ വിൽപ്പനയും നിർവഹിച്ചു. സംവിധായകനും നടനുമായ പി. വിജയകുമാർ സ്വാഗതവും സി കെ സനിൽ നന്ദിയും രേഖപ്പെടുത്തി.

പുരാണങ്ങളിൽ പ്രതിനായകനായി മുദ്രചാർത്തപ്പെട്ട രാവണനെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകളുടെ അന്വേഷണമാണ് നോവലിന്റെ ഇതിവൃത്തം. ശിവന്റെ പ്രിയ ശിഷ്യനായ രാവണന്റെ ജീവിതവഴികളും പത്ത് തലയെന്നത് പത്ത് വിവിധ കഴിവുകളാണെന്ന സത്യവും ഈ കൃതിയിലൂടെ അനാവൃതമാകുന്നു.

വൈക്കം സ്വദേശിയായ ഹേന പി. എൻ, കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ എംഡിയായും ഹൈക്കോടതിയിലെ കെഎസ്ആർടിസി ലെയ്സൻ ഓഫീസിൽ ഡെപ്യൂട്ടി ലോ ഓഫീസറായും പ്രവർത്തിച്ചിട്ടുണ്ട്. എംജി സർവകാലാശാല ചെയർമാൻ, വൈസ് ചെയർമാൻ, സെനറ്റ് അംഗം തുടങ്ങിയ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്.

സംസ്കൃത പഠനം, ശാസ്ത്രീയ നൃത്തം, സംഗീതം, കഥകളിക്കമ്പം, ജ്യോതിഷം, ആയുർവേദം, ഹൈന്ദവആത്മീയ ഫിലോസഫിക്കൽ രചനകൾ എന്നിവയിലുള്ള വായനയും താല്പര്യവുമാണ് തന്റെ ആദ്യ നോവലായ 'രാവണ ചിദംബരം' കോവിഡ് കാലത്തെ ഒഴിവുസമയങ്ങളിൽ എഴുതി പൂർത്തിയാക്കാൻ അടിത്തറപാകിയത്.



# ആവേശമായി സൈക്ലത്തോൺ

**കോതമംഗലം:** കോതമംഗലം മൺസൂൺ ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിച്ച സൈക്ലത്തോൺ 2026 ആവേശം പകർന്നു. കോതമംഗലം എംഎൽഎ ഓഫീസിൽ നിന്ന് രാവിലെ എട്ടിന് ജില്ലാ കളക്ടർ ജി. പ്രിയങ്ക ഫ്ളാഗ് ഓഫ് നിർവഹിച്ച് സൈക്കിൾ യാത്രയിൽ പങ്കെടുത്തു. 300ഓളം സൈക്കിൾ പ്രേമികൾ പങ്കെടുത്തു.

ഷിബു തെക്കുംപുറം എംഎൽഎ, കോതമംഗലം ഡിവിഷൻ ഫോറസ്റ്റ് ഓഫീസർ സൂരജ് ബെൻ, നാഷണൽ എംടിബി കേരള ടീം അംഗങ്ങളായ അഖിൽ ഗിരീഷ്, ആദിത്യൻ പി. നായർ, കേരളത്തിൽ നിന്ന് കാഷ്മീർ വരെ 4,000 കിലോമീറ്റർ ദൂരം 16 ദിവസം കൊണ്ട് സൈക്കിളിൽ സഞ്ചരിച്ച ജിസൺ സ്റ്റീഫൻ എന്നിവരും സൈക്ലത്തോണിൽ പങ്കാളികളായി. മൺസൂൺ ഫെറ്റ് ഒരുക്കിയിട്ടുള്ള തട്ടേക്കാടിന് സമീപം മിനി സ്വിക്സർലൻറ് സൈക്ലത്തോണിന്റെ സമാപന വേദിയായി. സൈക്ലത്തോണിൽ പങ്കെടുത്തവർക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. സമാപനചടങ്ങിൽ കുട്ടമ്പുഴ പഞ്ചായത്ത് പ്രസിഡൻറ് മേരി കുര്യാക്കോസ്, ചിഞ്ചു ബിബി, പ്രിയങ്ക ടോമി, മാമച്ചൻ ജോസഫ്, പി. സി ജോർജ്, ജോഷി പൊട്ടക്കൻ, പി. എ പാദുഷ, കെ.ഇ കാസീം എന്നിവർ പങ്കെടുത്തു.

സൈക്ലത്തോണിനുള്ള ജേഴ്സി ഫെഡറൽ ബാങ്ക്, ജീവ മിൽക്ക്, കെ.പി.ചാക്കോ, വിശാൽ ഗോൾഡ് എന്നിവരാണ് സ്പോൺസർ ചെയ്തത്.




# തനിഷ്കിന്റെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന് തുടക്കമായി

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ജ്വല്ലറി റീട്ടെയിൽ ബ്രാൻഡായ തനിഷ്ക്, നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ വാർഷിക വിൽപ്പന ആഘോഷമായ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന് തുടക്കം കുറിച്ചു. നിത്യോപയോഗത്തിനുള്ളവ മുതൽ ശ്രദ്ധേയമായ പുതിയ ഡിസൈനുകൾ വരെയുള്ള തനിഷ്കിൻറെ വിപുലമായ ഡയമണ്ട് ശേഖരം ഉപഭോക്താക്കൾക്ക് അടുത്തറിയാനുള്ള അവസരമാണ് ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സ്.

ഈ വർഷത്തെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമായി നൂതന സാങ്കേതികവിദ്യകളുടെ പിൻബലത്തോടെ രൂപകല്പന ചെയ്ത 'എലിവേറ്റഡ് എവരിഡേ നാച്ചുറൽ ഡയമണ്ട്' ആഭരണങ്ങൾ തനിഷ്ക് വിപണിയിലവതരിപ്പിച്ചു. സമകാലിക ഡിസൈനുകളിലുള്ള ഈ ആഭരണങ്ങൾ ഒപ്റ്റിക്കൽ ഇല്യൂഷനുകളുടെ വിസ്മയ ലോകത്ത് നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്.

കമ്മലുകൾ, മോതിരങ്ങൾ, പെൻഡൻറുകൾ, നെക്ലേസുകൾ, വളകൾ, ബ്രേസ്‌ലെറ്റുകൾ തുടങ്ങിയ തനിഷ്ക് നാച്ചുറൽ ഡയമണ്ട് ഡിസൈനുകളുടെ വിപുലമായ ശ്രേണിയാണ് ഈ പുതിയ ശേഖരം അവതരിപ്പിക്കുന്നത്. 40,000 രൂപ മുതലാണ് വിലകൾ ആരംഭിക്കുന്നത്. ഏറ്റവും പുതിയ ഈ ആഭരണ ശേഖരത്തിന് പുറമെ, ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ 10,000ലധികം നാച്ചുറൽ ഡയമണ്ട് ഡിസൈനുകളും തനിഷ്ക് ലഭ്യമാക്കുന്നുണ്ട്.

നൂതന സാങ്കേതികവിദ്യകളിലൂടെയും വ്യതിരിക്തമായ പുതിയ ഡിസൈൻ ഭാഷയിലൂടെയും നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ അതിരുകൾ ഭേദിക്കുന്ന ഒരു ആഭരണ ശേഖരം അവതരിപ്പിക്കാനാണ് ഈ വർഷത്തെ ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് തനിഷ്ക് ചീഫ് മാർക്കറ്റിംഗ് ഓഫീസർ പെൽകി ഷെറിംഗ് പറഞ്ഞു. ഓരോ ആഭരണവും അതിൻറെ തിളക്കം പരമാവധി വർദ്ധിപ്പിക്കുന്നതിനായി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയതാണ്. ഒപ്പം പുതുമയുള്ളതും ആകർഷകവും വ്യത്യസ്തവുമായ സമകാലിക ഡിസൈനുകളുമാണ് ആ ആഭരണങ്ങൾക്ക് നൽകിയിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഫെസ്റ്റിവൽ ഓഫ് ഡയമണ്ട്സിന്റെ ഭാഗമായി തനിഷ്ക് നാച്ചുറൽ ഡയമണ്ട് ആഭരണങ്ങളുടെ മൂല്യത്തിൽ 20 ശതമാനം ഇളവ് നൽകുന്നുണ്ട്. ഇതിന് പുറമെ, ഉപഭോക്താക്കൾക്ക് അവരുടെ പഴയ ആഭരണങ്ങൾ മാറ്റി പുതിയ ഡിസൈനുകൾ സ്വന്തമാക്കാനും കഴിയും. ഡയമണ്ട് ആഭരണങ്ങൾ വാങ്ങുമ്പോൾ പഴയ സ്വർണം എക്സ്ചേഞ്ച് ചെയ്യുന്നതിന് തനിഷ്ക് മുഴുവൻ മൂല്യവും ലഭ്യമാക്കും. 9 കാരറ്റ് വരെയുള്ള സ്വർണം ഇതിനായി ഉപയോഗിക്കാം.

കൂടാതെ തിരഞ്ഞെടുത്ത സ്റ്റോറുകളിൽ ഡയമണ്ട് എക്സ്പെർട്ടൈസ് സെൻറർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നൂതന മൂല്യനിർണയ ഉപകരണങ്ങളും പരിശീലനം ലഭിച്ച ജെമ്മോളജിസ്റ്റുകളും ഇവിടെയുണ്ട്. ഉപഭോക്താക്കൾക്ക് അവരുടെ കൈവശമുള്ള, മറ്റ് ജ്വല്ലറികളിൽ നിന്ന് വാങ്ങിയവ ഉൾപ്പെടെയുള്ള ഏത് നാച്ചുറൽ ഡയമണ്ടും തികച്ചും സൗജന്യമായി മൂല്യനിർണയം നടത്താം. ഡയമണ്ടിന്റെ ഉത്ഭവം, പ്രകാശ പ്രതിഫലന ശേഷി, വ്യക്തത, ആധികാരികത എന്നിവ പരിശോധിക്കാൻ ആ സൗകര്യം ഉപഭോക്താക്കളെ സഹായിക്കുന്നു.

ഉപഭോക്താക്കൾക്ക് തനിഷ്കിന്റെ ഏറ്റവും പുതിയ നാച്ചുറൽ ഡയമണ്ട് ഡിസൈനുകൾ അടുത്തുള്ള തനിഷ്ക് സ്റ്റോറിൽ നിന്നോ www.tanishq.co.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായോ വാങ്ങുവാൻ കഴിയും.



# മുത്തൂറ്റ് ഫിൻകോർപ്പിന് ഇക്കണോമിക് ടൈംസ് ഫാമിലി ബിസിനസ് അവാർഡ്

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ മുഖ്യസ്ഥാപനമായ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിന് ദി ഇക്കണോമിക് ടൈംസ് ഏർപ്പെടുത്തിയ ഫാമിലി ബിസിനസ് ഓഫ് ദ ഇയർ ലാർജ് പുരസ്കാരം ലഭിച്ചു. മികച്ച സാമ്പത്തിക പ്രകടനം, ശക്തമായ കോർപ്പറേറ്റ് ഭരണസംവിധാനം, പ്രൊഫഷണൽ മാനേജ്മെന്റ്, തലമുറകളിലൂടെയുള്ള നേതൃത്വ തുടർച്ച എന്നിവ വിജയകരമായി സംയോജിപ്പിച്ച കുടുംബ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്കാണ് ഈ പുരസ്കാരം നൽകുന്നത്.

മുത്തൂറ്റ്ഫിൻകോർപ് ജോയിന്റ് മാനേജിങ് ഡയറക്ടർ തോമസ് ജോർജ് മുത്തൂറ്റ്, ചെയർമാനും മാനേജിങ് ഡയറക്ടറും ആയ തോമസ് ജോൺമുത്തൂറ്റ്, മുത്തൂറ്റ്മൈക്രോഫിൻ എക്സിക്യൂട്ടീവ് ഡയറക്ടർ തോമസ് മുത്തൂറ്റ് ജോൺ, മുത്തൂറ്റ് ഹൗസിംഗ് ഫിനാൻസ് എക്സിക്യൂട്ടീവ് ഡയറക്ടർ സൂസന്ന മുത്തൂറ്റ് എന്നിവർചേർന്ന് പുരസ്കാരം ഏറ്റു വാങ്ങി.

സ്ഥാപക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് വിവിധ തലമുറകളിലായി നേതൃത്വത്തെ ബിസിനസിന്റെ മുൻനിരയിലേക്ക് കൊണ്ടുവരികയും ദീർഘകാല ബിസിനസ് വളർച്ച ഉറപ്പാക്കുകയും ചെയ്തതിന്റെ അംഗീകാരമാണ് ഈ പുരസ്കാരം.

ഗ്രൂപ്പിന്റെ വളർച്ചയിലും നേട്ടങ്ങളിലും പുതിയ തലമുറയുടെ സജീവ പങ്കാളിത്തം ശ്രദ്ധേയമാണ്. നേതൃത്വ കൈമാറ്റം ക്രമബദ്ധമായി നടപ്പാക്കുന്നതിനൊപ്പം തലമുറകളായി കൈമാറിയ പാരമ്പര്യവും മുത്തൂറ്റിന്റെ വളർച്ചയെ ശക്തിപ്പെടുത്തുന്നു.

ജീവനക്കാരെ പ്രോത്സാഹിപ്പിക്കുന്ന 'ബ്ലൂ കാർണിവൽ' റിവാർഡ്സ് ആൻഡ് റെക്കഗ്നിഷൻ പദ്ധതിയും കമ്പനിയുടെ ജീവനക്കാരെ കേന്ദ്രീകരിച്ചുള്ള പ്രവർത്തന സംസ്കാരത്തിന്റെ ഉദാഹരണമാണ്. ഈ പദ്ധതിയിലൂടെ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജീവനക്കാർക്ക് ഗ്രൂപ്പിന്റെ ബ്രാൻഡ് അംബാസഡറായ ഷാരൂഖ് ഖാനെ നേരിൽ കാണാനുള്ള അവസരവും ലഭിക്കുന്നു.

ഈ അംഗീകാരം തലമുറകളായി ഈ സ്ഥാപനത്തെ രൂപപ്പെടുത്തിയ എല്ലാവർക്കും അവകാശപ്പെട്ടതാണ്. എന്റെ പിതാവ് പകർന്നുനൽകിയ വിശ്വാസത്തിന്റെയും സേവനത്തിന്റെയും മൂല്യങ്ങളിൽ നിന്ന് ഇന്ന് ഓരോ ഉപഭോക്താവുമായുള്ള ഇടപെടലിലും ആ ദൗത്യം മുന്നോട്ട് കൊണ്ടുപോകുന്ന ആയിരക്കണക്കിന് ജീവനക്കാരിലേക്കും ഈ നേട്ടം പങ്കിടപ്പെടുന്നു. കേരളത്തിലെ ഞങ്ങളുടെ വേരുകളോട് ചേർന്നുനിൽക്കുമ്പോഴും രാജ്യത്തുടനീളമുള്ള സാധാരണക്കാരെ സേവിക്കുന്ന സ്ഥാപനമായി വളരാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെയാണ് ഈ അംഗീകാരം വീണ്ടും ഉറപ്പിക്കുന്നത്. മുത്തൂറ്റ് ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ തോമസ് ജോൺ മുത്തൂറ്റ് പറഞ്ഞു.

'സ്വർണവായ്പയെ ആധാരമാക്കി പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിൽ നിന്ന് സമഗ്ര സാമ്പത്തിക സേവനങ്ങൾ നൽകുന്ന പ്ലാറ്റ്ഫോമായി വളർന്ന ഞങ്ങളുടെ യാത്രയ്ക്ക് കരുത്തായത് സ്ഥാപനത്തിന്റെ മുഖമുദ്രയായ അച്ചടക്കവും വൈവിധ്യവൽക്കരണവുമാണ്. അതിനാൽ തന്നെ ഈ പുരസ്കാരം മുഴുവൻ ടീമിനും അഭിമാന നിമിഷമാണ്. ഉപഭോക്താക്കൾക്കും സമൂഹത്തിനും ഉത്തരവാദിത്തത്തോടെ സേവനം നൽകാനുള്ള പ്രചോദനവുമാണിത്.' മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.



# എൻടിസി ഗ്രൂപ്പിന്റെ പുതിയ 10 ബ്രാഞ്ചുകൾ പ്രവർത്തനമാരംഭിച്ചു

**തൃശൂർ:** കേരളത്തിൻറെ സാമ്പത്തിക വളർച്ചയിൽ ധനകാര്യസ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണെന്നു സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. എൻടിസി ഗ്രൂപ്പ് ഓഫ് കമ്പനീസിന്റെ പുതിയ 10 ബ്രാഞ്ചുകളുടെ ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുയായിരുന്നു അദ്ദേഹം.

എൻടിസി ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വർഗീസ് ജോസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എൻടിസി ഗ്രൂപ്പ് ബ്രാൻഡ് അംബാസഡറും ചലച്ചിത്രതാരവുമായ ശോഭന ബ്രാഞ്ചുകളുടെ വെർച്വൽ ഉദ്ഘാടനം നിർവഹിച്ചു.

കോട്ടയം തിരുനക്കര മൈതാനിയിൽ നടന്ന ചടങ്ങിൽ കോട്ടയം നഗരസഭാ ചെയർമാൻ പി. സന്തോഷ് കുമാർ, റിസർവ് ബാങ്ക് മുൻ ജനറൽ മാനേജരും എൻടിസി ഡയറക്ടറുമായ ബെറ്റ്സി രാജഗോപാൽ, ജോസ് വള്ളൂർ, എൻടിസി ഡയറക്ടർമാരായ കെ.എ. ബോബൻ, റോസ് വർഗീസ്, സിന്ധു ഉണ്ണികൃഷ്ണൻ, ശിവദാസ് ചേറ്റൂർ, ടി.കെ. ദേവദാസ്, അസിസ്റ്റൻറ് വൈസ് പ്രസിഡൻറ് ബിനു ജോർജ്, എച്ച്ആർ മാനേജർ പി. ഗിരീഷ് കുമാർ എന്നിവർ പ്രസംഗിച്ചു. നടൻ വിനീത് ശ്രീനിവാസൻറെ നേതൃത്വത്തിൽ മ്യൂസിക് ഷോ നടന്നു. കേരളം, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലായി 110 ബ്രാഞ്ചുകൾ എൻടിസി ഗ്രൂപ്പിനുണ്ട്.

ഗോൾഡ് ലോണുകൾ, പ്രോപ്പർട്ടി ലോണുകൾ, വെഹിക്കിൾ ലോണുകൾ, ഡെപ്പോസിറ്റുകൾ, ചിട്ടികൾ, ഇൻഷ്വറൻസ്, ട്രാവൽസ് എന്നിവയിലൂടെ ഏഴു പതിറ്റാണ്ടായി ജനനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനമാണ് എൻടിസി ഗ്രൂപ്പ് എന്ന് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വർഗീസ് ജോസ് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3241 എഫ് ചെന്നൈയുടെ ഡിസ്ട്രിക്ട് ഗവണറായി ചുമതലയേറ്റ ഉമ അനിൽ കുമാറിനെ എൻസിഎൽഎടി ചെന്നൈ ചെയർമാൻ ജസ്റ്റീസ് എൻ.ശേഷസായി അനുമോദിക്കുന്നു. ഐ.സി.എൽ ഫിൻകോർപ്പ് മാനേജിംഗ് ഡയറക്ടറും ലയൺസ് ഡിസ്ട്രിക്ട് ചാർട്ടേഡ് ഗവണറുമായ അഡ്വ.കെ. ജി.അനിൽ കുമാർ സമീപം

# ഉമ അനിൽ കുമാർ ; ലയൺസ് ഡിസ്ട്രിക്ട് 3241 എഫ് ചെന്നൈ ഗവർണ്ണർ

**ചെന്നൈ:** പ്രമുഖ ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ ഐ.സി.എൽ ഫിൻകോർപ്പ് ഓൾടൈം ഡയറക്ടറും, വൈസ് ചെയർമാനും, സി.ഇ.ഒ യുമായ ഉമ അനിൽ കുമാർ ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 3241 എഫ് ചെന്നൈയുടെ ഡിസ്ട്രിക്ട് ഗവണറായി ചുമതലയേറ്റു.

ലയൺസ് ക്ലബ്സ് ഇന്റർനാഷണലിന്റെ ആഗോള ആപ്തവാക്യമായ വിസേർവ്വ് എന്ന സന്ദേശം കൂടുതൽ ശക്തമായി സമൂഹത്തിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തിനായി മാനവിക സേവന പദ്ധതികൾ, നേതൃത്വ വികസന പരിപാടികൾ, സമൂഹ വികസന പ്രവർത്തനങ്ങൾ തന്റെ കാലയളവിൽ എല്ലാ ക്ലബ്ബുകളുമായി സഹകരിച്ച് നടപ്പാക്കുമെന്ന് ഉമ അനിൽ കുമാർ വ്യക്തമാക്കി.

ചെന്നൈ വടപളനിയിലെ ഹോട്ടൽ ഗ്രീൻ പാർക്കിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ എൻ.സി.എൽ.എ.ടി., ചെന്നൈ ചെയർമാൻ ജസ്റ്റിസ് എൻ. ശേഷസായി,പി.ഡി.ജി.ഡിസ്ട്രിക്ട് ചാർട്ടേഡ് ഗവർണറും ഓണററി കമ്മിറ്റി ചെയർമാനുമായ കെ.ജി. അനിൽകുമാർ, അഡീഷണൽ സൂപ്രണ്ട് ഓഫ് പോലീസ് ആർ. ശ്രീകാന്ത്, ഡിസ്ട്രിക്ട് കാബിനറ്റ് സെക്രട്ടറി,എം. ഉദയകുമാർ, ഡിസ്ട്രിക്ട് കാബിനറ്റ് ട്രഷറർ ടി. ശിവകുമാർ , കൗൺസിൽ കോർഡിനേറ്റർ വൈ. രാജേശ്വര റാവു ഡിസ്ട്രിക്ട് കാബിനറ്റ് അഡൈ്വസർ ഡോ. ജി. മണിലാൽ, പി.ഡി.ജി. പാസ്റ്റ് ഇന്റർനാഷണൽ ഡയറക്ടറും എം.ഡി. 3241, ക്യാബിനറ്റ് ഇൻസ്റ്റലേഷൻ ഓഫീസറുമായ എൻ.എസ്. ശങ്കർ തുടങ്ങിയവർ പ്രസംഗിച്ചു.

# ഡിജിറ്റൽ സദ്യയൊരുക്കി ലുലു കണക്ട്; വമ്പൻ ഓഫറുകളുമായി ഓണം വിൽപ്പന തുടങ്ങി

**കൊച്ചി:** ഓണക്കാലത്തെ ഷോപ്പിംഗ് കൂടുതൽ ആഘോഷമാക്കാൻ ലുലു കണക്ടിൽ ആകർഷകമായ ഓഫറുകളും സമ്മാനങ്ങളും ഒരുക്കി ഓണം വിൽപ്പന തുടങ്ങി. മികച്ച വിലക്കിഴിവുകൾ, എക്സ്ചേഞ്ച് ഓഫറുകൾ, സമ്മാനങ്ങൾ എന്നിവയ്ക്കു പുറമേ ലുലു കണക്ട് ആദ്യമായി അവതരിപ്പിക്കുന്ന 'ഡിജിറ്റൽ സദ്യ' എന്ന ആശയവും ഓണക്കാല വിൽപ്പനയിലെ പ്രത്യേകതയാണ്.



ആറ് ഇനം ഇലക്ട്രോണിക്സ്, ഗൃഹോപകരണങ്ങൾ ഉൾപ്പെടുന്ന 43,499 രൂപ വിലവരുന്ന മിനി ടെക് സദ്യ 24,999 യ്ക്കും, 20 ഇനങ്ങളുള്ള 96,999 രൂപ വിലവരുന്ന ഫാമിലി ടെക്സദ്യ 49,999 രൂപയ്ക്കും, 43 ഇഞ്ച് എൽ.ഇ.ഡി ടി.വി ഉൾപ്പെടെ പ്രീമിയം ഇലക്ട്രോണിക്സ്, വീട്ടുപകരണങ്ങൾ അടങ്ങിയ 1,65,499 രൂപയുടെ ഗ്രാൻഡ് ടെക്സദ്യ 99,999 രൂപയ്ക്കും ലഭിക്കുന്ന തരത്തിൽ പ്രത്യേക ടെക് പാക്കേജുകളായിട്ടാണ് ഡിജിറ്റൽ സദ്യ അവതരിപ്പിച്ചിരിക്കുന്നത്.

സ്മാർട്ട്ഫോണുകൾ, ലാപ്ടോപ്പുകൾ, സ്മാർട്ട് ടി.വികൾ, ഹോം അപ്ലയൻസുകൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങൾക്ക് ഓണക്കാല പ്രത്യേക വിലക്കിഴിവുകളും ലഭ്യമാണ്. പഴയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കൈമാറി പുതിയവ സ്വന്തമാക്കാൻ ആകർഷകമായ എക്സ്ചേഞ്ച് ഓഫറുകളും ഒരുക്കിയിട്ടുണ്ട്.

ഓണം ക്യാമ്പയിന്റെ ഭാഗമായി പുറത്തിറക്കിയ പരസ്യചിത്രവും ഇതിനോടകം വലിയ ശ്രദ്ധ നേടിയിട്ടുണ്ട്. ശബരീഷ് വർമ്മ, ദേവരാജ്, റ്റിസ്, ജോളി എന്നിവരെ അണിനിരത്തിയ പരസ്യം മലയാളി കണക്ട് ആകുന്നു ലുലുവിനൊപ്പം' എന്ന പ്രമേയത്തിലാണ് ഒരുക്കിയിരിക്കുന്നത്.

ലുലുവിന്റെ സൗഭാഗ്യോത്സവം ക്യാമ്പയിന്റെ ഭാഗമായി ലുലു കണക്ട്, ലുലു ഫാഷൻ, ലുലു ഹൈപ്പർ മാർക്കറ്റ്, സെലിബ്രേറ്റ് സ്റ്റോറുകൾ എന്നിവിടങ്ങളിൽ നിന്ന് ഷോപ്പിംഗ് നടത്തുന്നവർക്ക് ബമ്പർ സമ്മാനങ്ങൾ നേടാനുള്ള അവസരവും ഒരുക്കിയിരിക്കുന്നത്.

20 കിയ സിറോസ് കാറുകൾ ഗ്രാൻഡ് ബമ്പർ സമ്മാനമായി നൽകുന്നതോടൊപ്പം ട്രോളി ഫ്രീ ഷോപ്പിംഗ്, എൽ.ഇ.ഡി ടി.വികൾ, സ്മാർട്ട്ഫോണുകൾ, സ്വർണനാണയങ്ങൾ, ഗിഫ്റ്റ് കാർഡുകൾ, ഗൃഹോപകരണങ്ങൾ, ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങൾ തുടങ്ങി നിരവധി സമ്മാനങ്ങളും വിജയികളെ കാത്തിരിക്കുന്നു.

മുൻവർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഉപഭോക്താക്കളുടെ ജീവിതശൈലിയും ആവശ്യങ്ങളും കണക്ട് ചെയ്യുന്ന ഓഫറുകളും ടെക് പാക്കേജുകളും സമ്മാന പദ്ധതികളുമാണ് ഇത്തവണത്തെ ലുലു കണക്റ്റിൽ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

ഓണക്കാലത്ത് മികച്ച സാങ്കേതികവിദ്യയും മികച്ച മൂല്യവും ഒരുമിച്ച് ഉപഭോക്താക്കൾക്ക് സമ്മാനിക്കുകയെന്നതാണ് ഇത്തവണത്തെ ക്യാമ്പയിന്റെ ലക്ഷ്യമെന്നും അവർ വ്യക്തമാക്കി.

കൊച്ചി ലുലു മാളിൽ നടന്ന ചടങ്ങിൽ അതിഥികൾക്കും ബ്രാൻഡ് പ്രതിനിധികൾക്കുമൊപ്പം ലുലു ഗ്രൂപ്പ് ഇന്ത്യ ഡയറക്ടർ ആൻഡ് സി.ഇ.ഒ. എം.എനിഷാദ്, പ്രൊജക്റ്റ് ഡയറക്ടർ ബാബു വർഗീസ്, മാൾസ് ഡയറക്ടർ ഷിബു ഫിലിപ് , ലുലു കൊച്ചി ഡയറക്ടർ സാദിഖ് കാസ്സിം, റീജണൽ ഡയറക്ടർ സുധീഷ് ചെറിയിൽ, കൊച്ചി ലുലു ഹൈപ്പർമാർക്കറ്റ് ജനറൽ മാനേജർ ജോ പൈനാടത്ത്, ലുലു കണക്ട് സെൻട്രൽ ബെയിങ് മാനേജർ പ്രിൻസ് ഫിലിപ്സ് എന്നിവർ സംബന്ധിച്ചു.




ദ്വിതീയ ഡോ. യൂവോൺ ഫെർണാണ്ടസ് പുരസ്കാരം കേരള മുഖ്യമന്ത്രി വി ഡി സതീശനിൽ നിന്ന് ജനസേവ ഉഡാൻ അക്കാദമി ഡയറക്ടർ ഡോ. സുനിൽ ജോസ് ഏറ്റുവാങ്ങുന്നു. പത്മശ്രീ ടോണി ഫെർണാണ്ടസ് സമീപം

# ഡോ. യുവോൺ ഫെർണാണ്ടസ് മെമ്മോറിയൽ അവാർഡ് 2026 ജനസേവ ഉഡാൻ അക്കാദമിക്ക്

**കൊച്ചി:** പത്മശ്രീ ഡോ. ടോണി ഫെർണാണ്ടസിന്റെ പത്നി ഡോ. യുവോൺ ഫെർണാണ്ടസിന്റെ സ്മരണാർത്ഥമുള്ള പുരസ്കാരവും ഇരുപത്തയ്യായിരം രൂപയുടെ ക്യാഷ് അവാർഡും ജനസേവ ഉഡാൻ അക്കാദമി ഡയറക്ടർ ഡോ. സുനിൽ ജോസിന് സമ്മാനിച്ചു. കേരള മുഖ്യമന്ത്രി വി ഡി സതീശനാണ് പുരസ്കാര സമർപ്പണം നിർവഹിച്ചത്. ചേരികളിൽ പഠിക്കുവാൻ പോലും പറ്റാതെ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന നിരവധി പിഞ്ചു ബാല്യങ്ങൾക്ക് നല്ല വിദ്യാഭ്യാസവും ഭക്ഷണവും നല്കി ജീവിതത്തിലേക്ക് കൈപിടിച്ച് ഉയർത്തുന്നതിന് അഹോരാത്രം മാതൃക സേവനം ചെയ്യുന്ന വ്യക്തി എന്ന നിലയിലാണ് ജനസേവ ഉഡാൻ അക്കാദമിയുടെ ഡയറക്ടർ ഡോ. സുനിൽ ജോസിന് 2026 ലെ അവാർഡ് സമ്മാനിക്കുന്നതെന്ന് ഡോ. ടോണി ഫെർണാണ്ടസ് പറഞ്ഞു.

കോഴിക്കോട് സ്വദേശിയായ ഡോ. സുനിൽ ജോസ് അജ്മീർ സെൻറ് ആൻസ്ലം സ്കൂൾ അധ്യാപകനാണ്. 2024 മുതലാണ് സുനിൽ ജോസുമായി സഹകരിച്ച് ജനസേവ ശിശുഭവൻ രാജസ്ഥാനിൽ ജനസേവ ഉഡാൻ അക്കാദമി ആരംഭിച്ചത്. നിലവിൽ ചേരിപ്രദേശങ്ങളിൽ നിന്നുള്ള ആയിരത്തോളം കുട്ടികൾ ജനസേവ ഉഡാൻ അക്കാദമിയിൽ വിദ്യാഭ്യാസം നേടുന്നുണ്ട്.

ഡോ. ടോണി ഫെർണാണ്ടസ് നേത്ര ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ വച്ചാണ് പുരസ്കാര സമർപ്പണം നടത്തിയത്. ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലിയോടൊപ്പമാണ് സുനിൽ ജോസ് പുരസ്കാര സ്വീകരണത്തിന് എത്തിയത്.



# നിസാൻ ഇന്ത്യയുടെ ആഭ്യന്തര വിൽപ്പനയിൽ 218% വളർച്ച

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ ജൂലൈ 2026ൽ ആഭ്യന്തര മൊത്തവിൽപ്പനയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 218 ശതമാനവും മുൻമാസത്തെ അപേക്ഷിച്ച് 50 ശതമാനവും വളർച്ച നേടി. ഇതോടൊപ്പം പുതിയ നിസാൻ ടെക്ടൺ എസ്യുവിയുടെ ഉപഭോക്തൃ ഡെലിവറികളും രാജ്യവ്യാപകമായി ആരംഭിച്ചതായി കമ്പനി അറിയിച്ചു.

ജൂലൈയിൽ കമ്പനിയുടെ ആഭ്യന്തര മൊത്തവിൽപ്പന 4,518 യൂണിറ്റും, കയറ്റുമതി 4,821 യൂണിറ്റും, ആകെ മൊത്ത വിൽപ്പന 9,339 യൂണിറ്റുമാണ്. ടെക്ടണിന്റെ വരവോടെ മാഗ്നൈറ്റ്, ഗ്രാവൈറ്റ്, ടെക്ടൺ എന്നിവ ഉൾപ്പെടുന്ന മൂന്ന് എസ്യുവി മോഡലുകളിലൂടെ ഇന്ത്യൻ വിപണിയിലെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്താനാണ് കമ്പനിയുടെ ലക്ഷ്യം.

ഉപഭോക്താക്കളുടെ വിശ്വാസമാണ് ഈ വളർച്ചയ്ക്ക് കരുത്തായതെന്ന് നിസാൻ മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു. ശൃംഖല വികസനത്തിനും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനും ദീർഘകാല വളർച്ചയ്ക്കും കമ്പനി തുടർന്നും മുൻഗണന നൽകുമെന്നും അദ്ദേഹം അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com